

# അറിയുക ആത്മാവിനെ

ബിജോയ് ശാമുവേൽ അബുദാബി

വിശുദ്ധ ത്രിത്വത്തിലെ പിതാവിനെയും പുത്രനെയും സകലർക്കും നല്ലതുപോലെ അറിയാം. എന്നാൽ 'പരിശുദ്ധാത്മാവ്' എന്ന മൂന്നാമത്തതിനെ എത്രപേർക്ക് അറിയാം? പരിചയമുണ്ട്? അതിനെ എങ്ങനെ മററുള്ളവർക്ക് ഒന്നു പരിചയപ്പെടുത്തി കൊടുക്കാൻ സാധിക്കും? ഒരു പക്ഷേ പ്രാർത്ഥനയുടെ ഉന്നതിയിൽ നിൽക്കുമ്പോൾ ചാടിവീണ് ഗംഭീര ശബ്ദത്തിൽ ആക്രോശിക്കുന്ന രംഗങ്ങൾ നവീകരണപ്രാർത്ഥന കൂട്ടത്തിൽ കാണുമ്പോൾ, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണോ എന്ന് ഉറപ്പിക്കുവാൻ, യേശുക്രിസ്തുവിന്റെ മാമോദീസാ സമയത്തോ പെന്തിക്കൊസ്തിനാളിലോ പരിശുദ്ധാത്മാവിന്റെ ആവാസം ശ്രദ്ധിച്ചാൽ മതിയാകും. കാരണം സ്വർഗ്ഗരാജ്യത്തിൽ ഒന്നിനും തിരക്കില്ല. എല്ലാം സാവകാശവും സൗമ്യതയുമായി നടക്കുന്നു. 'പരിശുദ്ധാത്മാവി'നെ അറിയാൻ കഴിയുന്നത് എങ്ങനെയാണ്? അതിനായി വിശുദ്ധ വേദപുസ്തകത്തെ ആശ്രയിക്കണം. ജീവനുള്ള ദൈവത്തിന്റെ വചനത്തെ ധ്യാനിക്കേണം. വിശുദ്ധ വേദപുസ്തകത്തെ ദൈവാത്മാവിന്റെ പുസ്തകമെന്നു വിളിക്കുന്നതിൽ തെററില്ല. പരിശുദ്ധാത്മാവിന്റെ നിറവിലാണ് അത് എഴുതി പൂർത്തീകരിച്ചിരിക്കുന്നത്. ത്രിത്വത്തിൽ മൂന്നാം ആളത്വത്തെക്കുറിച്ചുള്ള ദൈവിക വെളിപ്പാട് പഴയനിയമകാലത്ത് പൂർണ്ണമായി ഗ്രഹിക്കുവാനും രേഖപ്പെടുത്തുവാനും കഴിഞ്ഞില്ല എന്നതാണ് സത്യം. വിശുദ്ധ കന്യകമറിയം ഗർഭം ധരിക്കുന്നത് പരിശുദ്ധാത്മാവിലാണ് എന്ന് ദൂതൻ പറയുന്നു. എന്നാൽ അതിന് മുമ്പേ മറിയാമിനെ ദൂതൻ സംബോധന ചെയ്യുന്നത്, 'കൃപ ലഭിച്ചവളേ ! നിനക്കു വന്ദനം' എന്നാണ്. ദൈവത്തിന്റെ ദാനമായ കൃപ ലഭിച്ചാൽ മാത്രമേ പരിശുദ്ധാത്മാവിൽ നിറയുവാൻ സാധിക്കൂ. അതിന് ദൈവത്തെ പ്രസാദിപ്പിക്കണം.

ഇന്ന് എല്ലാവർക്കും പരിശുദ്ധാത്മാവിൽ നിറയണം. എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കാനോ ദാനമായ കൃപയെ നേടിയെടുക്കാനോ ശ്രമിക്കുന്നില്ല. ആയതിനാൽ ദൈവത്തെ പ്രസാദിപ്പിച്ച് ദാനമായ കൃപയിൽ നിറഞ്ഞ്, പരിശുദ്ധാത്മാവിനാൽ ജീവനുള്ള വചനത്താൽ ദൈവത്തിന്റെ മക്കളായി നമുക്ക് ജീവിക്കാം. വചനിപ്പിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നാം തിരിച്ചറിയുന്നു. പിന്നീട് കർത്താവിന്റെ മാമോദീസാ സമയത്ത്, ' ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' അവിടെ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാൻ കഴിയുന്നു. പൊന്തിക്കൊസ്തി നാളിൽ പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അതിനുശേഷം ശിഷ്യന്മാർ ലോകത്തിന്റെ നാനഭാഗങ്ങളിലും സഞ്ചരിച്ച് സുവിശേഷം നടത്തുന്നു. അതും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലാണ്, പരിശുദ്ധാത്മാവാണ് സകലത്തെയും പൂർത്തിയാക്കുന്നത്. അപ്പൊസ്തലപ്രവൃത്തികളെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ എന്നും വിളിക്കുന്നു. ആത്മാവിനാൽ നിറയപ്പെടുകയും ആത്മാവിനാൽ പ്രകാശിപ്പിക്കുകയും ചെയ്യുന്ന സഭയുടെ വളർച്ചയാണ് ഇതിലെ പ്രതിപാദ്യവിഷയം. ഇവിടെ കൊടിയങ്കാററ്, അഗ്നിനാവുകൾ, വിവിധഭാഷകൾ എന്നീ അടയാളത്തിൽ പരിശുദ്ധാത്മാവ് ദൃശ്യമായി.

ക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചയായിരുന്നു പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ. പിതാവും പുത്രനും ഒരേപോലെ പരിശുദ്ധാത്മാവിനെ നൽകുകയും പരിശുദ്ധാത്മാവ് മൂലം വീണ്ടെടുക്കുകയും ശുശ്രൂഷയ്ക്കായി നിയോഗിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് യേശുവിന്റെ ആത്മാവാണ്, കർത്താവിന്റെ ആത്മാവാണ്. പിതാവും പരിശുദ്ധാത്മാവും പ്രവാചകന്മാരിൽ കൂടി സംസാരിക്കുകയും അവരെ പ്രവർത്തനനിരതരാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനോടുള്ള വ്യാജം ദൈവത്തോടുള്ള വ്യാജമാണ്. മനുഷ്യരിൽ പരിശുദ്ധാത്മാവാം ദൈവം ആവസിക്കുന്നത് തന്റെ ഇഷ്ടത്തിൽ തന്നെയാണ്. പിതാവിന്റെ ആത്മാവും പുത്രന്റെ ആത്മാവുമാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വവും ദൈവത്വവും സംശയരഹിതമായി വിശുദ്ധ പൗലൊസ് തന്റെ ലേഖനങ്ങളിലൂടെ വെളിവാക്കുന്നു. ലേഖനങ്ങളിൽ ദൈവത്തിന്റെ ആത്മാവ് പത്ത് തവണയും ക്രിസ്തുവിന്റെ ആത്മാവും കർത്താവിന്റെ ആത്മാവും യേശുക്രിസ്തുവിന്റെ ആത്മാവും ഓരോ തവണയും ആത്മാവ് നൂററിപത്ത് തവണയും പരിശുദ്ധാത്മാവ് പതിനഞ്ച് തവണയും ഉപയോഗിച്ചതായി കാണുന്നു. കൊരിന്ത്യർ ഒന്നും രണ്ടും ലേഖനങ്ങളിലും ഗലാത്യർ, എഫേസ്യർ, ഫിലിപ്യ ലേഖനങ്ങളിലൂടെ പൗലൊസ് ശ്ലീഹാ പരിശുദ്ധാത്മാവിനെ കുറിച്ചുള്ള ഉൾക്കാഴ്ചകളെ വെളിപ്പെടുത്തുന്നു.

ക്രിസ്തുവിൽ, ആത്മാവിൽ എന്നീ പദങ്ങളും ക്രിസ്തുവിന്റെ ആത്മാവ്, പരിശുദ്ധാത്മാവ് എന്നീ പദങ്ങളും സമാന പശ്ചാത്തലത്തിൽ മാറി മാറി വിശുദ്ധ പൗലൊസ് ഉപയോഗിക്കുന്നുണ്ട്. ആത്മാവിന്റെ സാന്നിദ്ധ്യം ക്രിസ്തുവിന്റെ സാന്നിദ്ധ്യം തന്നെയാണെന്നും വ്യക്തമാക്കുന്നു. ചുരുക്കത്തിൽ, ഒരു വിശ്വാസി ഒരേസമയം ക്രിസ്തുവിൽ ആയിതീരുകയും ആത്മാവിൽ ആയിതീരുകയും ചെയ്യുന്നു. ഒരു വിശ്വാസി, ഒരു ക്രിസ്ത്യാനി ആത്മാവിനാൽ നയിക്കപ്പെടുന്നവനും ആത്മാവിന്റെ വഴിയിൽ നടക്കുന്നവനുമാണ് (ഗലാത്യർ 5:16; 18:25). വിശ്വാസിയുടെ എല്ലാ തീരുമാനങ്ങളും എടുക്കേണ്ടത് ആത്മാവിന്റെ നടത്തിപ്പിനനുസരിച്ചായിരിക്കേണം. ആത്മാവിൽ നടക്കുന്നവനെ ജഢത്തിന്റെ മോഹങ്ങൾ കീഴ്പ്പെടുത്തുകയില്ല (റോമർ 8:13-14). ആത്മാവിലുള്ള ജീവൻ അഥവാ പുതുജീവൻ പ്രാപിക്കുന്നത് വിശുദ്ധ മാമോദീസായിൽ കൂടിയാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ വിശുദ്ധ മാമോദീസായിൽ കൂടി പഴയ മനുഷ്യൻ മരിക്കുന്നു പുതിയ മനുഷ്യൻ ഉയിർക്കുന്നു (റോമർ 6:1; 8:10-11; ഗലാത്യർ 3:27). അന്ന് വിശുദ്ധ മാമോദീസായിൽ കൂടി നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിലാണോ നാം ഇന്ന് ജീവിക്കുന്നത്. അത് തിരിച്ചറിയാൻ കഴിയണം. എങ്ങനെ തിരിച്ചറിയാം, ആത്മീയമായി നമുക്ക് സമാധാനവും സന്തോഷവും ഉണ്ടെങ്കിൽ, അത് ജീവിതത്തിൽ നിലനിർത്താൻ കഴിയുന്നുണ്ടെങ്കിൽ പരിശുദ്ധാത്മാവിൽ നടത്തപ്പെടുന്നു.

കൂടാതെ ഈ ലോകത്തിൽ അവരെ ഒററപ്പെടുത്തുകയും കുററപ്പെടുത്തുകയും ചെയ്യുന്നു. അല്ലാതെ ലോകത്തിന്റെ മോഹത്തിൽ ആകർഷിച്ച് ആത്മാവിനെയും ദേഹിയെയും പാതാളത്തിലേക്ക് തള്ളിവിടുന്ന ബോധവിചാരഹൃദയങ്ങളെ നാം വീണ്ടും പരിശോധിക്കേണം. ഇത് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാണോ അശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാണോ എന്ന് വിചിന്തനം ചെയ്യേണം. ദൈവത്തിന്റെ ദാനമാണ് പരിശുദ്ധാത്മാവ്. നിത്യജീവനുവേണ്ടിയുള്ള യുദ്ധത്തിൽ പരിശുദ്ധാത്മാവിൽ കൂടി ദൈവം നമ്മെ ആയുധമണിയിക്കുന്നു. നമ്മെ ദൈവത്തിന്റെ മക്കളാക്കി തീർക്കുന്നത് പരിശുദ്ധാത്മാവാണ്. ദൈവമക്കളായി നമ്മെ ദത്തെടുത്തിരിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അങ്ങനെ ദൈവിക കുടുംബത്തിൽ നമ്മെ അവകാശികളാക്കിത്തീർത്തിരിക്കുകയാണ്. സർവ്വസൃഷ്ടിയായ പിതാവുമായുള്ള ബന്ധം പരിശുദ്ധാത്മാവിൽ കൂടി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്ന നിത്യഭാഗ്യാവസ്ഥയുടെ ഒന്നാം ഘട്ടമാണ് പരിശുദ്ധാത്മാവിന്റെ ദാനം. ആത്മാവിൽ കൂടിയാണ് ദൈവത്തിങ്കലേക്ക് പ്രവേശനം സാധ്യമായിത്തീരുന്നത്. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് ദൈവത്തെ ‘അപ്പാ’ എന്ന് സംബോധന ചെയ്യുവാനും യേശുവിനെ കർത്താവ് എന്നു വിളിക്കാനും സ്വർഗ്ഗസ്ഥനായ പിതാവിനോട് മക്കളെപ്പോലെ ഇടപെടുവാനും നമ്മെ യോഗ്യരാക്കിത്തീർക്കുന്നു.

മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് കരേറി ക്രിസ്തുവിനെപ്പോലെയായി തീരുന്ന അവസ്ഥയിലേക്കും നമ്മെ കൈപിടിച്ചെത്തിക്കുന്നു. ദൈവികസാദൃശ്യത്തിന്റെ പൂർണ്ണതയിലേക്ക് ആത്മാവ് നമ്മെ വളർത്തികൊണ്ടിരിക്കുന്നു. ബുദ്ധി, ജ്ഞാനം, വിശ്വാസം, സൗഖ്യം നൽകുന്നതിനുള്ള കഴിവ്, അത്ഭുതം പ്രവർത്തിക്കാനുള്ള കഴിവ്, പ്രവചനവരം, ഭാഷാവരം തുടങ്ങിയവയാണ് ആത്മാവിന്റെ ദാനങ്ങൾ. പല വരങ്ങളുണ്ടെങ്കിലും ആത്മാവ് ഒരുവൻ മാത്രം. ആത്മാവിന്റെ ഏററവും പ്രധാനപ്പെട്ട ദാനം സ്നേഹമാണ്. സ്നേഹമില്ലെങ്കിൽ മറെറാന്നിനും അർത്ഥമില്ല. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ക്രിസ്തുവിന്റെ സ്വഭാവവുമായി ഐക്യരൂപം പ്രാപിക്കുന്നു. മാനസാന്തരവും ശുദ്ധീകരണവും ഉദ്ദീപനവും പ്രാപിക്കുവാൻ പരിശുദ്ധാത്മാവ് വിശ്വാസികളെ സഹായിക്കുന്നു. പാപത്തെ കുറിച്ച് ബോധവും ന്യായവിധിയെ കുറിച്ച് അറിവും നൽകുന്നത് പരിശുദ്ധാത്മാവാണ്. പാപബോധം നമ്മെ ഭരിക്കുന്നുണ്ടെങ്കിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുണ്ട്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന് അന്യഭാഷ ആവശ്യമാണോ എന്നതിന് 1 കൊരിന്ത്യർ 14:19; 13:8 ധ്യാനിക്കാവുന്നതാണ്. അറിയാത്ത ഭാഷകളിൽ ആയിരം വാക്കുകൾ സംസാരിക്കുന്നതിനേക്കാൾ ഭംഗിയായും ചിട്ടയായും അഞ്ച് വാക്കുകൾ സംസാരിക്കുന്നതാണ് ഉചിതവും ഉത്തമവും. എന്താണ് നമ്മളിൽ ആത്മാവിന്റെ ജോലി? അത് പൂർണ്ണമായി നമ്മളിൽ നടക്കണമെങ്കിൽ നാം വിശുദ്ധിയുള്ളവരാകണം.

നമ്മുടെ അശുദ്ധിയുടെ സാന്നിദ്ധ്യമാണ് ദൈവത്തിൽ നിന്നുള്ള അനുഗ്രഹത്തിനും സമാധാനത്തിനും തടസ്സം. ആത്മാവ് ഉച്ചരിച്ചു കൂടാത്ത ഞെരുക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (റോമർ 8:26); ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഷിപ്പിക്കരുത് (എഫെസ്യർ 4:30) എന്നിങ്ങനെ ആത്മാവിനെ സംബന്ധിച്ച് ലേഖനങ്ങളിൽ പ്രതിപാദിക്കുന്നു. ആത്മാവ് നയിക്കുന്നവനാണ്, സാക്ഷ്യം വഹിക്കുന്നവനാണ്, ശക്തീകരിക്കുന്നവനാണ്, ശുദ്ധീകരിക്കുന്നവനുമാണ്. നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയും ദൈവീകരഹസ്യങ്ങളെ വെളിപ്പെടുത്തുകയും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവനുമാണ് ആത്മാവ്. നമ്മെ പാപത്തിൽ നിന്ന് വീണ്ടെടുക്കുകയും ക്രിസ്തുവിൽ ദൈവത്തോട് നിരപ്പിക്കുകയും ദൈവീകരിക്കുകയും ചെയ്യുന്നത് പരിശുദ്ധാത്മാവാം ദൈവമാണ്. ദൈവരാജ്യപ്രവേശനത്തിന് വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനം ആവശ്യമാണെന്ന് കർത്താവ് വ്യക്തമാക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിന് ദൈവാത്മാവിൽ നിന്നും പ്രാപിക്കുന്ന ആത്മീയജീവിതം ആവശ്യമാണ്. നിത്യമായി തൃപ്തിപ്പെടുത്തുന്നതാണ് ആത്മാവിന്റെ ദാനങ്ങൾ. ദൈവത്തിന്റെ പരിശുദ്ധാത്മശക്തിയിലുള്ള വിശ്വാസം കൂടാതെയുള്ള ആരാധന അർത്ഥശൂന്യമാണ്. യഥാർത്ഥ ആരാധന ആത്മാവിലും സത്യത്തിലും ആകണം എന്നതിന്റെ അർത്ഥം ത്രിത്വാരാധനയാണ് യഥാർത്ഥമായ ദൈവരാധന എന്നാണ്.

പരിശുദ്ധാത്മാവിൽ യേശുക്രിസ്തുവിൽ കൂടി നിർവഹിക്കപ്പെടുന്ന ആരാധനയാണ് യഥാർത്ഥമായ ദൈവരാധന. പരിശുദ്ധാത്മാവിനെ പാറക്കലീത്ത എന്ന പദം കൊണ്ട് വിശുദ്ധ യോഹന്നാൻ വിവക്ഷിക്കുന്നത്, ഉപദേശിക്കുക, ധൈര്യപ്പെടുത്തുക, ആശ്വസിപ്പിക്കുക എന്നീ തലത്തിലാണ്. പരിശുദ്ധാത്മാവ് സകലവും പഠിപ്പിക്കുന്നവനാണ്, യേശുക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവനാണ്, ലോകത്തെ ന്യായം വിധിക്കുന്നവനാണ്. യുഗാന്ത്യംവരെ കർത്താവ് അയച്ച കാര്യസ്ഥൻ ലോകത്തിൽ ഉണ്ടായിരിക്കുകയും സകലത്തെയും പൂർത്തീകരിക്കുകയും ചെയ്യുന്നു. വിശുദ്ധ മത്തായി 28:20 കണ്ടാലും ഞാൻ ലോകാവസനത്തോളം നിങ്ങളുടെ കൂടെയുണ്ട് എന്ന വാഗ്ദാനം ഈ ദൈവീകസാന്നിദ്ധ്യത്തിലൂടെ നിറവേററപ്പെടുന്നു. ലോകത്തെയും ഓരോ വിശ്വാസിയെയും ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേററ യേശുവിന്റെ ദൈവീകസാന്നിദ്ധ്യം ബോദ്ധ്യപ്പെടുത്തുന്നവനാണ് പാറക്കലീത്ത. നാം ക്രിസ്തുവിനോട് അടുത്തുവന്ന് തന്റെ സുവിശേഷം കേട്ട് താൻ ദൈവം എന്ന് ബോധ്യം വരുത്തുകയും വിശ്വാസികളായിത്തീരുന്നതിന് സഹായിക്കുകയും ചെയ്യുന്നത് ഈ കാര്യസ്ഥൻ. ഇതിൽ വന്നു പോയ നമ്മുടെ കുറവുകൾക്ക് കാരണം പരിശുദ്ധാത്മാവിന്റെ അഭാവം തന്നെയാണ്. ഓരോ വ്യക്തിക്കും ക്രിസ്തുവിനെ വെളിപ്പെടുത്തികൊടുക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം.

സത്യത്തെക്കുറിച്ച് പഠിക്കുവാനും ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനുമാണ് പരിശുദ്ധാത്മാവിനെ അയക്കപ്പെട്ടത്. ബാഹ്യതലത്തിൽ നിന്ന് മനുഷ്യന്റെ ആന്തരികതലത്തിലേക്ക് ക്രിസ്തുവിന്റെ സന്ദേശം കൊണ്ടുവരികയാണ് പരിശുദ്ധാത്മാവ് തന്റെ പ്രവൃത്തികൾ മൂലം ചെയ്യുന്നത്. യേശുവിന്റെ വചനം യഥാർത്ഥമായും ജീവൻ നൽകുന്ന വചനമാണെന്ന് വ്യക്തികൾക്ക് / വിശ്വാസികൾക്ക് ബോധം വരുത്തുന്നു. പരിശുദ്ധാത്മാവിലാണ് ഓരോ ക്രിസ്ത്യാനിയും ജനിച്ചിരിക്കുന്നത്, വിശുദ്ധ യോഹന്നാൻ 3:8. വിശ്വാസപ്രമാണത്തിന്റെ മൂന്നാമത്തെ ഖണ്ഡികയിൽ വിശുദ്ധ റൂഹായിൽ നാം വിശ്വസിക്കുന്നതായി എല്ലാ യാമപ്രാർത്ഥനയിലും ഏററു പറയുന്നു.

കർത്താവിന്റെ ജനനം മുതൽ, വ്യക്തമായി പറഞ്ഞാൽ വിശുദ്ധ കന്യകമറിയം ഗർഭം ധരിക്കുന്നതു മുതൽ, കർത്താവിന്റെ രണ്ടാം വരവു വരെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കാണാം. അവനാണ് സകലത്തെയും പൂർത്തീകരിക്കുന്നത്, മണവാട്ടി സഭയെ ഒരുക്കിയെടുത്ത് കർത്താവിന്റെ കല്യാണം വേഗം നടക്കാൻ താൻ പ്രവർത്തിക്കുന്നു. അതുവരെ ധ്യാനിച്ചാലും അവസാനിക്കാത്ത ജീവന്റെ വചനങ്ങൾ നിത്യജീവിതത്തിൽ വിശ്വാസികൾക്ക് വഴി കാട്ടിയാകുന്നു. തൽക്കാലം തൃപ്തിയായി എന്നു കരുതി ഈ ചിന്തകൾക്ക് വിരാമം ഇടുന്നു.